LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പ്രതിശീർഷ ജല ഉപയോഗം

19 (3959) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രതിശീർഷ ജല ഉപയോഗം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മഴ തീരെക്കുറവുള്ള രാജസ്ഥാൻ, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ ജലഉപയോഗം ഉയർന്ന നിരക്കിലുള്ളതാണെന്ന് കരുതുന്നുണ്ടോ ;

(സി) ജല ഉപയോഗത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2001-ലെ കണക്കുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതികൾ മുഖേന പ്രതിദിനം 648 ദശലക്ഷം ലിറ്റർ ശുദ്ധജലം നൽകുന്നുണ്ട്. ഇത് കേരളത്തിലെ ശരാശരി 62.87% ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. ഇതു പ്രകാരം 1,97,40,800 പേർക്ക് പ്രയോജനം ലാഭിക്കുന്നു. ആയതിനാൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ പ്രതിശീർഷ പ്രതിദിന ഉപയോഗം 33 ലിറ്ററാണ്.

(ബി) രാജസ്ഥാൻ, തമിഴ്നാട് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ജലലഭ്യത കൂടുതലാണ്. അതുമാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും ശുചിത്വവും വളരെ മെച്ചപ്പെട്ടതാണ്. ഇക്കാരണങ്ങളാൽ കേരളത്തിൽ ജല ഉപയോഗം ഉയർന്ന നിരക്കിലാണ്.

(സി) ആധികാരികമായ വിവരം ഇക്കാര്യത്തിൽ ലഭ്യമല്ല.

പൊതുടാപ്പുകൾ സൗജന്യമായി സ്ഥാപിക്കുവാൻ നടപടി

20 (3960) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. റ്റി. ബാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും ചാർജ്ജ് നൽകേണ്ടതുണ്ടോ ;